പതിനാലാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.** 1893

04/05/2017 ൽ മറുപടിക്ക്

**പ്രവർത്തനലാഭമുണ്ടാക്കിയ പൊതുമേഖലാ സ്ഥാപനങ്ങൾ**

ചോദ്യം

**ശ്രീ. പി.ടി. തോമസ്**
**ശ്രീ. വി.ടി. ബൽറാം**

ഉത്തരം

**ശ്രീ. എ.സി.മൊയ്തീൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

(എ) മുൻ വർഷങ്ങളിൽ നഷ്ടത്തിലായിരുന്ന എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ കഴിഞ്ഞ സാമ്പത്തിക വർഷം പ്രവർത്തനലാഭമുണ്ടാക്കിയെന്ന് വിശദമാക്കുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുൻപ് നഷ്ടത്തിലായിരുന്ന താഴെ പറയുന്ന അഞ്ച് പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തന ലാഭമുണ്ടാക്കിയിട്ടുണ്ട്.

1. ട്രാവൻകൂർ റ്റൈറ്റാനിയം പ്രൊഡ്ക്ട്സ് ലിമിറ്റഡ്
2. ട്രാവൻകൂർ- കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്
3. ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്
4. ട്രാൻസ്ഫോർമേഴ്സ് ആൻറ് ഇലട്രിക്കൽസ് കേരള ലിമിറ്റഡ്
5. സ്റ്റീൽ ആൻറ് ഇൻഡസ്ട്രീയൽ ഫോർജിംഗ്സ് ലിമിറ്റഡ്

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലയിൽ എത്ര വ്യവസായ സംരംഭങ്ങൾ പുതുതായി ആരംഭിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വ്യവസായവകുപ്പിന്റെ അധീനതയിൽ പുതുതായി പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്നും ആരംഭിച്ചിട്ടില്ല.

(സി) മുൻ വർഷങ്ങളിൽ ലാഭത്തിലായിരുന്ന എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ കഴിഞ്ഞ സാമ്പത്തിക വർഷം പ്രവർത്തന നഷ്ടമുണ്ടാക്കിയെന്ന് വിശദമാക്കുമോ;

(സി) 2015-16 സാമ്പത്തികവർഷത്തിൽ ആഡിറ്റിനു മുൻപുള്ള ലഭ്യമായ കണക്കുകൾ പ്രകാരം നാമമാത്രമായ ലാഭം റിപ്പോർട്ട് ചെയ്തിരുന്ന കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എൻറർപ്രൈസസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് മിനറൽ ഡവലപ്പ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ 2016-17 ൽ നഷ്ടത്തിലാണ് പ്രവർത്തിച്ചു വരുന്നത്.

സെക്ഷൻ ഓഫീസർ